ശ്രീ. ടി. കെ. നാരായണപിള്ള : മെമ്പർ പറഞ്ഞാൽ അതു വിശ്വസിക്കാം.

ശ്രീ. മാന്നാർ ഗോപാലൻ നായർ : ഇങ്ങനെ മെംബറന്മാർ പറയുന്നതെല്ലാം വിശ്വസിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : വിശ്വസിക്കാം. മെംബറന്മാർ സാധാരണയായി കള്ളം പറയുകയില്ലെന്നാണു് വിശ്വാസം.

വളം ഡിപ്പോ കെട്ടിടം

*വ ൦ ൭. (ഫ ര) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവല്ലാതാലൂക്കിലെ വളം ഡിപ്പോയിക്കു് എടുത്തിട്ടുള്ള കെട്ടിടത്തിനു് എന്തു വാടകയാണു് ?

(ബി) വാടകകൊടുക്കാതെ വളംഡിപ്പോ സ്ഥാപിക്കുന്നതിനു് പമ്പാനദിയുടെ തീരത്തു ചെങ്ങന്നൂരിൽ ഗവണ്മെണ്ടു വക സൗകര്യപ്രദമായ കെട്ടിടം ഉണ്ടോ ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) പ്രതിമാസം ൨൦ രൂപ.

(ബി) തിരുവല്ലായിൽ അനുവദിച്ചിട്ടുള്ളതു് ഒരു സെൻട്രൽ ഡിപ്പോ ആണു്. അതു് ചെങ്ങന്നൂർ സ്ഥാപിക്കുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ചെങ്ങന്നൂർ, തിരുവല്ലാ താലൂക്കിന്റെ സെൻട്രൽ പ്ലേസ് ആണെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ആയിരിക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ സൗകര്യമുള്ള കെട്ടിടങ്ങളും ഉണ്ടെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : കെട്ടിടങ്ങളും ഉണ്ടെന്നറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ ഗവണ്മെൻറിൽ നിന്നും വാടക കൊടുക്കാതെ കെട്ടിടങ്ങളും ഗവണ്മെൻറാവശ്യത്തിനെടുക്കാമെന്നു് ഗവണ്മെൻറിനറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : വാടകകൊടുക്കുന്ന കാര്യത്തേക്കാളും ജനങ്ങൾക്കു് സൗകര്യപ്രദമായ സ്ഥലമാണു് ഗവണ്മെൻറു് എടുത്തിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ചെങ്ങന്നൂരിൽ വല്ല വളം ഡിപ്പോയും സ്ഥാപിക്കുന്നതിലേക്കു് അപേക്ഷകളും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള. അതേപറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly